## സ്വാതന്ത്ര്യത്തിലേക്കുള്ള വഴി

**എഡി. സി. ദാവൂദ്**




കണ്ണും കാതും കാലത്തിനുമേൽ തുറന്നുവെച്ച ഒരുസംഘം, ചരിത്രത്തിന്റെ ചുവരിൽ കൊത്തിവെച്ച സത്യവാങ്മൂലമാണ് 'സ്വാതന്ത്ര്യത്തിലേക്കുള്ള വഴി' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള എസ്.ഐ.ഒ ലഘുലേഖകളുടെ സമാഹാരം. 1983 മുതൽ 2007 വരെയുള്ള കാലയളവിൽ പുറത്തിറക്കിയ ലഘുലേഖകൾ, ജുഗുപ്സാവഹമായ വർത്തമാന യാഥാർഥ്യങ്ങളെ കനൽക്കണ്ണുകൊണ്ട് തിരിച്ചറിയുകയും ആ തിരിച്ചറിവുകൾ പ്രബോധനം ചെയ്യുകയും ചെയ്യുന്ന എസ്.ഐ.ഒവിന്റെ ചരിത്രപഥം കൃത്യമായി അടയാളപ്പെടുത്തുന്നു. ചരിത്രത്തിന്റെ സൂക്ഷിപ്പ് ഭാവിയുടെ സൃഷ്ടിപ്പിനുള്ള വഴിയാകുന്നതെങ്ങനെയെന്ന് ഈ പുസ്തകം പറഞ്ഞുതരുന്നു. സ്രഷ്ടാവിലേക്ക്, ഇസ്‌ലാം സമാധാനത്തിന് പുരോഗതിക്ക് മോക്ഷത്തിന്, വിശ്വാസത്തിലേക്ക് വീണ്ടും, ആത്മസാക്ഷാത്കാരത്തിന് സംഘം ചേരുക, പീഡനവും ചൂഷണവുമില്ലാത്ത സമൂഹം, മതം മതജീർണതക്കെതിരെ, ആധുനിക ശാസ്ത്രവും ആഗോളവൽക്കരണവും, നോമ്പ് ഒരു സാമൂഹിക സേവനമാണ്, സംസ്കാരമോ സർവനാശമോ തുടങ്ങി ഇരുപത്തിമൂന്ന് ലഘുലേഖകളാണ് 'സ്വാതന്ത്ര്യത്തിലേക്കുള്ള വഴി'യിൽ സമാഹരിച്ചിരിക്കുന്നത്. **പേജ്: 60, വില: 50.00 എസ്.ഐ.ഒ കേരളം, വിദ്യാർഥി ഭവനം, യു.കെ.എസ് റോഡ്, കോഴിക്കോട് - 1. ഫോൺ: 0495-2727430**

## മതം, സമൂഹം, സംസ്കാരം

**മുഹമ്മദലി ശിഹാബ് തങ്ങൾ**




മുസ്‌ലിം ലീഗ് നേതാവ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ആദ്യപുസ്തകമാണ് മതം, സമൂഹം, സംസ്കാരം. ശിഹാബ് തങ്ങൾ പലപ്പോഴായി എഴുതിയ ലേഖനങ്ങളുടെ സമാഹാരം. സരളമായ ചിന്തകൾ ലളിതശൈലിയിൽ അവതരിപ്പിക്കുന്നുവെന്നതാണ് ലേഖനങ്ങളുടെ സവിശേഷത. മതവും സംസ്കാരവും ആത്മീയതയും രാഷ്ട്രീയവും വിദേശ നാടുകളും ലേഖനങ്ങളിൽ ചർച്ചചെയ്യുന്നു. പുതിയ നൂറ്റാണ്ടിലെ മതന്യൂനപക്ഷങ്ങൾ, പിന്നാക്കത്തിന്റെ പടിയിറങ്ങുക, പ്രതികാരചിന്തയല്ല പ്രത്യാശ വളർത്തണം, പ്രകൃതിയെ കരുണയോടെ സമീപിക്കുക, മാനവികതയുടെ പ്രചാരകരാവുക, മഅ്രിബ് അണക്കെട്ടും സബഅ് സമൂഹവും, ആഫ്രിക്കൻ നാടുകളും ഇസ്രയേലും തുടങ്ങി 23 ലേഖനങ്ങൾ. ഒരു അഭിമുഖ സംഭാഷണവും ശിഹാബ് തങ്ങളെക്കുറിച്ച് പി.കെ വാസുദേവൻ നായർ എഴുതിയ ലേഖനവും പുസ്തകത്തിലുണ്ട്. വി.ആർ കൃഷ്ണയ്യരുടെ അവതാരിക. **പേജ്: 160, വില: 100.00 ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്-11**




## ഹോളോകോസ്റ്റ് വിവാദം

**എൻ.എം ഹുസൈൻ**

ഹിറ്റ്ലറും മറ്റു നാസി നേതാക്കളും സംഘടിപ്പിച്ചതെന്ന് പറയപ്പെടുന്ന ജൂതകൂട്ടക്കൊലയാണ് 'ഹോളോകോസ്റ്റ്' എന്ന പേരിൽ അറിയപ്പെടുന്നത്. സമീപകാലത്ത് ഹോളോ കോസ്റ്റ് വിവാദം സജീവമായി ഉയർന്നുവരികയുണ്ടായി. വിവാദവുമായ ബന്ധപ്പെട്ട മാധ്യമങ്ങളുടെ നിലപാട്, പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങൾ, ലേഖനങ്ങൾ, സംഘടിപ്പിക്കപ്പെട്ട സെമിനാറുകൾ തുടങ്ങിയവയെ സാമാന്യമായി വിലയിരുത്തുന്ന ലഘുകൃതിയാണ് എൻ.എം ഹുസൈന്റെ 'ഹോളോ കോസ്റ്റ് വിവാദം.' പാശ്ചാത്യ പാതകം, വംശഹത്യകളുടെ ന്യൂനീകരണം, പാശ്ചാത്യരുടെ ജൂതവിരോധം, സയണിസ്റ്റ് മാധ്യമങ്ങൾ തുടങ്ങി 13 കുറിപ്പുകൾ. **പേജ്: 42, വില: 23.00 ഐ.പി.എച്ച് കോഴിക്കോട്**




## യേശു ക്രിസ്തു ഇസ്‌ലാമിൽ

**അഹ്മദ് ദീദാത്ത്**

വിശ്രുത പണ്ഡിതനും പ്രബോധകനായിരുന്ന അഹ്മദ് ദീദാത്തിന്റെ ചെറുതെങ്കിലും പഠനാർഹമായ കൃതിയാണ് 'യേശുക്രിസ്തു ഇസ്‌ലാമിൽ.' മുസ്‌ലിം-ക്രൈസ്തവ ആശയ സംവാദത്തിലൂടെ പ്രബോധന രംഗത്ത് പുതിയൊരു പാത തുറന്ന അഹ്മദ് ദീദാത്തിന് ക്രൈസ്തവതയിൽ അഗാധ പാണ്ഡിത്യമാണുണ്ടായിരുന്നത്. ബൈബിളിനെ മുൻനിർത്തിയുള്ള അദ്ദേഹത്തിന്റെ വാദങ്ങൾ ക്രൈസ്തവ പണ്ഡിതരെ പോലും അമ്പരപ്പിക്കുകയുണ്ടായി. 'യേശുക്രിസ്തു ഇസ്‌ലാമിൽ' എന്ന ഈ കൃതിയിൽ എട്ട് അധ്യായങ്ങളാണുള്ളത്. **പരിഭാഷ കെ.കെ അബ്ദുൽ അസീസ് പേജ്: 70, വില: 50.00 മനാസ് ഫൗണ്ടേഷൻ, ആലുവ.**